ഗ്രാമീണവികസന പദ്ധതികൾ

8 (*543) ശ്രീ. എ. സി. ഷൺമുഖദാസ് :
ശ്രീ. സി. കെ. നാണു :
ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമവികസനം ലക്ഷ്യമാക്കി എന്തെല്ലാം പദ്ധതികളാണ് സംസ്ഥാനത്ത് ഗ്രാമവികസന വകുപ്പ് നടപ്പാക്കിവരുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) കേന്ദ്ര സർക്കാരിന്റെ സഹായത്തോടുകൂടി എന്തെല്ലാം പദ്ധതികളാണ് സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്തിനുള്ള വിഹിതം ലഭിക്കാത്തതുകൊണ്ട് ഗ്രാമീണ വികസന പദ്ധതികൾ നടപ്പിലാക്കുന്നതിൽ തടസം നേരിട്ടിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഉണ്ടെങ്കിൽ ഏതെല്ലാം പദ്ധതികൾക്കാണ് തടസം നേരിട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. സി. എഫ്. തോമസ്) :

(എ) ഗ്രാമവികസനം ലക്ഷ്യമാക്കി ഗ്രാമവികസന വകുപ്പിന്റെ നിയന്ത്രണത്തിൽ നടപ്പാക്കി വരുന്ന പദ്ധതികൾ താഴെ പറയുന്നവയാണ് :

1. സമ്പൂർണ്ണ ജയന്തി ഗ്രാമസ്വറോസ്ഗാർ യോജന (എസ്ജിഎസ്വൈ)
2. സമ്പൂർണ്ണ ഗ്രാമീൺ റോസ്ഗാർ യോജന (എസ്.ജി.ആർ.വൈ)
3. ഇന്ദിര ആവാസ് യോജന (ഐ.എ.വൈ)
4. പ്രധാനമന്ത്രിയുടെ ഗ്രാമ സഡക് യോജന (പി.എം.ജി.എസ്.വൈ)
5. സമ്പൂർണ്ണ ശുചിത്വ പരിപാടി
6. സംയോജിത തരിശുഭൂമി വികസന പരിപാടി (ഐ.ഡബ്ല്യു.ഡി.പി)/ ഹരിയാലി
7. നാഷണൽ ഫുഡ് ഫോർവർക്ക് പ്രോഗ്രാം (NFFWP)
8. ആർ.ഐ.ഡി.എഫ്. റോഡുകൾ.

(ബി) മേൽ സൂചിപ്പിച്ച പദ്ധതികളിൽ ആർ.ഐ.ഡി.എഫ്. ഒഴികെയുള്ള പദ്ധതികൾ കേന്ദ്രസർക്കാരിന്റെ സഹായത്തോടുകൂടി നടപ്പിലാക്കുന്നവയാണ്.

(സി) തടസ്സം നേരിട്ടിട്ടില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly